എ4/20835/17/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറാഫീസ്,
തിരുവനന്തപുരം, തീയതി 20-03-2017

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും

സർ,

വിഷയം: മാർച്ച് 22-ലോകജലദിനം-പ്രതിജ്ഞ ചൊല്ലുന്നത് - സംബന്ധിച്ച്.
സൂചന: 16/03/2017-ലെ 25/പി.എ.-സെക്ക/ഡബ്ല്യൂ.ആർ.ഡി./2017 നമ്പർ സർക്കാർ കത്ത്

ലോക ജലദിനമായ മാർച്ച് 22-ന് പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആഫീസുകളിലും അനുയോജ്യമായ സമയം കണ്ടെത്തി ഇതോടൊപ്പം അയയ്ക്കുന്ന പ്രതിജ്ഞ ചൊല്ലേണ്ടതാണ്.

വിശ്വസ്തതയോടെ,

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി



2/2

## പ്രതിജ്ഞ

ജലം ജീവനാണ്
ജലമില്ലെങ്കിൽ ജീവനില്ല, ഭൂമിയില്ല, നമ്മളുമില്ല
ഈ പ്രാധാന്യം ഞാൻ മനസ്സിലാക്കുന്നു

ജലസമൃദ്ധി എന്നെന്നും നിലനിന്നുകൊള്ളണമെന്നില്ല എന്ന സത്യം ഞാൻ തിരിച്ചറിയുന്നു.
നാല്പത്തിനാലു നദികളുടെ നാടായ കേരളം പോലും
കൊടിയ വരൾച്ചയിലായിരിക്കുന്നു
പ്രകൃതിനശീകരണത്തിലൂടെയും മലിനീകരണത്തിലൂടെയുമുള്ള
മനുഷ്യ ഇടപെടലുകളാണ്
ഈ സ്ഥിതിവിശേഷത്തിനു കാരണം എന്നത് ഞാൻ ഉൾക്കൊള്ളുന്നു

അതിനാൽ

ജലത്തിന്റെ ഉപയോഗത്തിൽ
ഞാൻ മിതത്വം പുലർത്തുന്നതാണ്
ജലസ്രോതസ്സുകളുടെ പരിപാലനത്തിലും പരിപോഷണത്തിലും
ഞാൻ സൂക്ഷ്മത പുലർത്തുന്നതാണ്
സ്രോതസ്സുകളും ജലാശയങ്ങളും മലിനമാകരുത് എന്നതിൽ
ഞാൻ ജാഗ്രത പുലർത്തുന്നതാണ്

പുതിയൊരു ജലസംസ്കാരത്തിനു രൂപം നൽകി പിന്തുടരുന്നതിനായി
എന്റെ സ്വന്തനിലയിലും
ഒത്തൊരുമിച്ചും
പരിശ്രമിക്കുന്നതാണെന്ന്
ഞാൻ പ്രതിജ്ഞ ചെയ്യുന്നു.